**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3381** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഓണത്തെ ലോക ടൂറിസം ഭൂപടത്തിൽ അടയാളപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. എം.വിജിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന്റെ ദേശീയോത്സവമായ ഓണത്തെ ലോക ടൂറിസം ഭൂപടത്തിൽ അടയാളപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | കേരളത്തിന്റെ ദേശീയോത്സവമായ ഓണത്തെ ലോക ടൂറിസം ഭൂപടത്തിൽ അടയാളപ്പെടുത്താനായിട്ടുണ്ട്. ഓണത്തിന്റെ പ്രത്യേകത ലോകടൂറിസം മേഖലയിൽ ലഭ്യമാക്കി വിദേശസഞ്ചാരികളെ ഓണക്കാലത്ത് എത്തിക്കാനായിരുന്നു ടൂറിസം വകുപ്പ് ലക്ഷ്യമിട്ടിരുന്നത്. വൈവിധ്യമാർന്ന ഓണാഘോഷത്തിൽ പങ്കുചേരുന്നതിന് ഇത്തവണ വിദേശസഞ്ചാരികൾ കേരളത്തിൽ എത്തി. അതോടൊപ്പം ഉത്തരവാദിത്ത ടൂറിസത്തിന്റെ ലോകപ്രതിനിധിസംഘം കേരളത്തിൽ എത്തുകയും ഓണാഘോഷത്തിന്റെ ഭാഗമാവുകയും ചെയ്തു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് ആസൂത്രണം ചെയ്ത കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാമിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഓണാഘോഷവുമായി ബന്ധപ്പെട്ട് വിദേശ വിനോദസഞ്ചാരികളെ ഉൾപ്പെടെ കേരളത്തിലേക്ക് ക്ഷണിക്കുകയും, ഓണാഘോഷത്തിൽ പങ്കാളികളാക്കി കേരളത്തിന്റെ സാംസ്കാരിക പൈതൃകം നേരിൽ കണ്ട് മനസ്സിലാക്കുന്നതിനുമായി പ്രത്യേകം സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ 12ഓളം വിദേശ രാജ്യങ്ങളിൽ നിന്നുള്ളവർ പദ്ധതിയുടെ ഭാഗമായി ഓണക്കാലത്ത് കേരളത്തിലെത്തി. കേരളത്തിലെ വ്യത്യസ്ത പ്രദേശങ്ങളിൽ എത്തി ഓണാഘോഷത്തിന്റെ ഭാഗമായി ഇവർ മാറി. |
| (സി) | പ്രസ്തുത നടപടികളുടെ ഭാഗമായി എത്ര വിദേശ വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | ഓണാഘോഷവുമായി ബന്ധപ്പെട്ട് വിദേശ വിനോദസഞ്ചാരികളെ ഉൾപ്പെടെ കേരളത്തിലേക്ക് ക്ഷണിക്കുകയും, ഓണാഘോഷത്തിൽ പങ്കാളികളാക്കി കേരളത്തിന്റെ സാംസ്കാരിക പൈതൃകം നേരിൽകണ്ട് മനസ്സിലാക്കുന്നതിനുമായി പ്രത്യേകം സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ 12ഓളം |

| | | | |
|---|---|---|---|
| | | | വിദേശ രാജ്യങ്ങളിൽ നിന്നുള്ളവർ പദ്ധതിയുടെ ഭാഗമായി ഓണക്കാലത്ത് കേരളത്തിലെത്തി. കേരളത്തിലെ വ്യത്യസ്ത പ്രദേശങ്ങളിൽ എത്തി ഓണാഘോഷത്തിന്റെ ഭാഗമായി ഇവർ മാറി. |

സെക്ഷൻ ഓഫീസർ